

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : ASA S KUMAR     Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–28/09/2023.

1. പി എം കിസാൻ സമ്മാൻ നിധി പദ്ധതി ആനുകൂല്യത്തിന് ആധാർ സീഡിങ് ഇ -കെ വൈ സി ഭൂരേഖകൾ വിജയകരമായി പൂർത്തിയാകാത്തവർ 2023 സെപ്റ്റംബർ 30നകം പൂർത്തിയാക്കുക. ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കണം. ആധാർ കാർഡും ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണുമായി കൃഷിഭവൻ നിർദ്ദേശിക്കുന്ന പോസ്റ്റ് ഓഫീസിൽ എത്തി സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാവുന്നതാണ്. -അക്ഷയ, സി എസ് സി ജനസേവനകേന്ദ്രങ്ങൾ മുഖേന - e-KYC പൂർത്തിയാക്കുക. ഗൂഗിൾ പ്ലേ സ്റ്റോർ വഴി PMKISAN GOI എന്ന ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഗുണഭോക്താക്കൾക്ക് നേരിട്ടും e -KYC പൂർത്തീകരിക്കാവുന്നതാണ്. റവന്യു വകുപ്പിന്റെ ReLIS പോർട്ടലിൽ ഭൂരേഖകൾ ഉള്ളവർ എയിംസ് പോർട്ടലിൽ നേരിട്ടോ അക്ഷയ, സി എസ് സി, ജനസേവനകേന്ദ്രങ്ങൾ മുഖേനയോ ഭൂരേഖകൾ രേഖപ്പെടുത്തേണ്ടതാണ്. ഇതുവരെ ഓൺലൈൻ വഴി സ്ഥലവിവരം രേഖപ്പെടുത്താൻ കഴിയാത്തവർ ബന്ധപ്പെട്ട കൃഷിഭൂമിയുടെ 2018-19 ലെയും നിലവിലെയും ഭൂരേഖകൾ, അപേക്ഷ എന്നിവ നേരിട്ട് കൃഷിഭവനിൽ സമർപ്പിച്ച് പിഎംകിസാൻ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

2. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു മാസം പ്രായമുള്ള ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ 140 രൂപ നിരക്കിൽ ബുക്കിംഗ് ആരംഭിച്ചു. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ **9400483754** എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്.

3. പ്രധാനമന്ത്രി മത്സ്യ സംപദയോജനപദ്ധതി പ്രകാരം മത്സ്യകൃഷിപദ്ധതിയിലേക്ക് അപേക്ഷിക്കാം. പുതിയ ഓരുജലമത്സ്യകൃഷി, കുളംനിർമാണം, ഓരുജല മത്സ്യകൃഷിയ്ക്കുള്ള ഇൻപുട്ടുകൾ, മീഡിയം സ്കെയിൽ അലങ്കാര മത്സ്യപരിപാലന യൂണിറ്റ്, ഇന്റഗ്രേറ്റഡ് അലങ്കാര മത്സ്യപരിപാലന യൂണിറ്റ്, മിനി ആർ.എ.എസ് യൂണിറ്റ് എന്നീ പദ്ധതികൾക്കാണ് അപേക്ഷ ക്ഷണിച്ചത്. താത്പര്യമുള്ളവർ ഈ മാസം 30നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: വൈക്കം മത്സ്യഭവൻ - **04829 291550, 9400882267, കോട്ടയം മത്സ്യഭവൻ - 0481 2434039, 9074392350, പാലാ മത്സ്യ ഭവൻ - 0482 2299151, 9847387180.**

4. എറണാകുളം ജില്ലയിലെ ഒക്കൽ സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള മേൽത്തരം തെങ്ങിൻ തൈകൾ ഫാമിനോട് ചേർന്നുള്ള സെയിൽസ് സെന്ററിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484 2464941, 9495246121

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ പ്ലാൻറ് ഫിസിയോളജി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ കരാർ നിയമനവുമായി ബന്ധപ്പെട്ട് ഇന്ന് (28.09.2023) നടത്താൻ നിശ്ചയിച്ച വാക്ക് ഇൻ ഇൻറർവ്യൂ മാറ്റിവെച്ചു. പ്രസ്തുത ഇന്റർവ്യൂ ഒക്ടോബർ 04-ന് (04.10.2023) രാവിലെ 10 മണിക്ക് കോളേജിൽ വെച്ച് നടക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kau.in ,www.cohvka.kau.in എന്നീവെബ്സൈറ്റുകൾ സന്ദർശിക്കുകയോ **0487 2438302** എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

6. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിനായി വെറ്ററിനറി മരുന്നുകൾ 2023- 24 വർഷത്തിൽ വിതരണം നടത്തുന്നതിന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസ്സുകൾ ക്ഷണിക്കുന്നു. ദർഘാസ്സുകൾ സൂപ്രണ്ട്, ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയക്കേണ്ടതും ദർഘാസ്സിന് പുറത്ത് **മരുന്നുകൾ വിതരണം നടത്തുന്നതിനുള്ള ദർഘാസ്സ് 2023-24 എന്ന് രേഖപ്പെടുത്തേണ്ടതുമാണ്.** ദർഘാസ്സുകൾ സ്വീകരിക്കുന്ന അവസാന തീയതി ഇന്നു ( 28) രാവിലെ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962, 9446806247 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

7. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"ഹൈടെക് കൃഷി"** വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 ഒക്ടോബർ 03 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ 2023 ഒക്ടോബർ 02 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 25 ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് മാസ്സിവ് ഓപ്പൺ ഓൺലൈൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴ്സിൽ രജിസ്റ്റർ ചെയ്ത് ഒക്ടോബർ 03 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 5,6 തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡ് റബ്ബറുത്പന്നനിർമ്മാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഒക്ടോബർ 04-ന് ആരംഭിക്കും. കോഴ്സ് ഫീസ് 21,000 രൂപ. ഈ കോഴ്സിലൂടെ റബ്ബർ കോമ്പൗണ്ടിങ്, ഉത്പന്നനിർമ്മാണം, അസംസ്കൃതവസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും പരിശോധന, ലാറ്റക്സ് ടെക്നോളജി എന്നിവയിലെല്ലാം പ്രാവീണ്യം നേടാം. അക്കാദമിക/ വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം